**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2135** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന ഗ്രാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന ഗ്രാന്റുകൾ ഏതെല്ലാമാണെന്നും എത്ര രൂപ വീതമാണെന്നും പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, ബിരുദം, ബിരുദാനന്തരം, പ്രൊഫഷണൽ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന ഗ്രാൻറുകൾ ചുവടെ ചേർക്കുന്നു. 1. പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ് / സ്റ്റൈപ്പന്റ് 2. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിന് ലംപ്സം-ഗ്രാന്റ്/സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ചെലവ് മുതലായവ. 3. 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പ്രകാരം 2,000/- രൂപ വീതം 4. 9, 10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി) 5. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഗവൺമെന്റ് ഓഫ് ഇൻഡ്യ സ്കോളർഷിപ്പ്. 6. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസുൾപ്പെടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ. 7. ലാപ്ടോപ്പ് ധനസഹായം. 8. സ്റ്റെതസ്കോപ്പ് ധനസഹായം. 9. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭചെലവുകൾക്ക് ധനസഹായം. 10. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്. 11. മെഡിക്കൽ/ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി. 12. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം. സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളിലുള്ള പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നിവയുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകിവരുന്ന തുക സർക്കാർ ഉത്തരവ് (അച്ചടി) നം.1/2020/പജപവവിവ, തീയതി 09.01.2020 ഉത്തരവ് പ്രകാരം നൽകുന്ന ലംപ്സംഗ്രാൻറ് നിരക്ക് ചുവടെ ചേർക്കുന്നു. നഴ്സറി - 500 1 മുതൽ 4 വരെ - 750 രൂപ 5 മുതൽ 8 വരെ - 900 രൂപ 8 മുതൽ 10 |

| | | | |
|---|---|---|---|
| | | | വരെ - 1000 രൂപ പോസ്റ്റ് മെട്രിക് തലത്തിൽ +1, +2 - 1400 രൂപ ബിഎ./ബിഎസ്.സി/ബികോം./ ബിലിറ്റ്,ബി.എഡ്. തത്തുല്യം - 1400 രൂപ എംഎ./ എം.എസ്.സി/എം.കോം./എം.എസ്.ഡബ്ല്യു. തത്തുല്യം - 1900 രൂപ പോസ്റ്റ് മെട്രിക് കോഴ്സുകൾക്കുള്ള പ്രതിമാസ സ്റ്റൈപ്പൻറുകൾ 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് - 800 രൂപ 8 കിലോമീറ്ററിനു വെളിയിൽ താമസിക്കുന്നവർക്ക് (കിലോമീറ്റർ വ്യത്യാസമില്ലാതെ) - 900 രൂപ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലനം/ ഉത്പാദന പരിശീലന കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾക്ക് - 800 രൂപ വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ (ഗവൺമെന്റ് സ്ഥാപനങ്ങളും അംഗീകൃത സ്ഥാപനങ്ങളും) - 600 രൂപ സംഗീത കോളേജുകളിലെ നടനഭൂഷണം കോഴ്സിന് - 600 രൂപ |
| (ബി) | പ്രസ്തുത ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ടോ; | (ബി) | സർക്കാർ ഉത്തരവ്(അച്ചടി) നം.1/2020/ പജപവവിവ, തീയതി 09.01.2020 ഉത്തരവ് പ്രകാരം തുക വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | എതു അക്കാദമിക വർഷം വരെയുള്ള ഗ്രാന്റുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ ? | (സി) | 2021 -2022 അധ്യയന വർഷത്തെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ